നമ്പർ. ജി (1)47866/2006. സഹകരണസംഘം രജിസ്ട്രാർ ആഫീസ്,

തിരുവനന്തപുരം, 13.11.2006.

സർക്കുലർ നമ്പർ 56/2006

വിഷയം: സഹകരണ വകുപ്പ് - സഹകരണ കൺസൾട്ടൻസി സർവീസ് സ്ഥാപനങ്ങളുടെ പ്രവർത്തനം - സഹകരണ സ്ഥാപനങ്ങളുടെ ജോലികൾ നിർവഹിക്കുന്നതും സംഘം ഫണ്ട് ദുർവിനിയോഗിക്കുന്നതും നിയന്ത്രിക്കുന്നത് - സംബന്ധിച്ച്

സഹകരണവകുപ്പ് ഉൾപ്പെടയുള്ള ഇതര സർക്കാർ വകുപ്പുകളിൽ നിന്നും, മറ്റ് സ്ഥാപനങ്ങളിൽ നിന്നും, സർവീസിൽ നിന്നും വിരമിച്ച ചില ഉദ്യോഗസ്ഥന്മാർ സഹകരണ കൺസൾട്ടൻസി സർവീസ് എന്ന പേരിലും അല്ലാതെയും സംസ്ഥാനത്ത് ചിലയിടങ്ങളിൽ സ്ഥാപനങ്ങൾ നടത്തുന്നതായും അവ സഹകരണ വകുപ്പിന്റെ അനുമതിയോടെയാണ് പ്രവർത്തിക്കുന്നതെന്ന് സഹകരണ സ്ഥാപനങ്ങളെ തെറ്റായി വിശ്വസിപ്പിച്ചുകൊണ്ടും, അപ്രകാരം ധ്വനിയുള്ള പരസ്യങ്ങൾ നൽകിയും ഏജൻസികളായി പ്രവർത്തിക്കുന്നതായും, സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ ചെയ്യേണ്ടതായ ജോലികൾ ടി ഏജൻസികളെക്കൊണ്ട് ചെയ്യിപ്പിക്കുന്നതായും സഹകരണ വകുപ്പിലെ ആഫീസുകളുമായി സഹകരണ സ്ഥാപനങ്ങൾ നേരിട്ട് ബന്ധപ്പെടുന്നതിന് പകരം ഇത്തരം ഏജൻസികളെ നിയോഗിക്കുന്നതായും, ഇതിനായി സഹകരണ സ്ഥാപനങ്ങളുടെ ഫണ്ട് ദുർവിനിയോഗം ചെയ്യപ്പെടുന്നതായും സഹകരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഇത്തരം ഏജൻസികൾ നൽകുന്ന തെറ്റായതും ആധികാരികമല്ലാത്തതുമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നടത്തപ്പെടുന്നതായും ആയത് സഹകരണ സംഘം ജീവനക്കാരുടെ കാര്യശേഷിയെയും ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാനുള്ള കഴിവിനേയും സംഘത്തിന്റെ യഥാർത്ഥ പ്രശ്നങ്ങൾ മനസ്സിലാക്കാനും, അവ ഗ്രഹിക്കാനുമുള്ള കഴിവ് നഷ്ടപ്പെടുന്നതും, ആയത് സ്ഥാപനങ്ങൾക്ക് ഭൂഷണമല്ലെന്ന് കരുതുന്നതിനാലും ചുവടെ പരാമർശിക്കുന്ന വിശദാംശങ്ങളും നിർദേശങ്ങളും പുറപ്പെടുവിയ്ക്കുന്നു.

1. സഹകരണ വകുപ്പോ, സർക്കാരോ യാതൊരു സ്ഥാപനങ്ങൾക്കോ, വ്യക്തികൾക്കോ സഹകരണ സ്ഥാപനങ്ങളുടെയും സഹകരണ വകുപ്പിന്റെയും ചുമതലയിൽ വരുന്ന ഏതെങ്കിലും പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുവാൻ അനുമതി നൽകിയിട്ടില്ല.
2. മേൽ പരാമർശിച്ച തരം ഏജൻസികൾ നൽകുന്ന ഉപദേശങ്ങളും നിർദേശങ്ങളും അധികാരികമല്ലാത്തതിനാലും പലപ്പോഴും തെറ്റിദ്ധാരണജനകവുമായതിനാലും ഉദ്ദേശങ്ങൾക്കും, നിർദേശങ്ങൾക്കുമായി സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരുമായി ബന്ധപ്പെടേണ്ടതാണ്.
3. സഹകരണ സ്ഥാപനങ്ങൾ നിയമാനുസൃതം ചെയ്യേണ്ടുന്ന യാതൊരു പ്രവർത്തനവും പുറമേയുള്ള ഏജൻസികളെക്കൊണ്ട് ചെയ്യിക്കുവാൻ പാടുള്ളതല്ല.
4. സംഘം വക രജിസ്റ്ററുകൾ, റിക്കാർഡുകൾ, ജീവനക്കാരുടെ സേവനപുസ്തകം മുതലായവ യാതൊരു കാരണവശാലും ഇത്തരം പുറമെയുള്ള ഏജൻസികളെ സംഘത്തിൽ വരുത്തിയോ, പുറമെ കൊണ്ടുപോയോ ഇത്തരം ഏജൻസികൾ വഴി

കൈകാര്യം ചെയ്യുവാനോ, പരിശോധിക്കുവാനോ എന്തെങ്കിലും രേഖപ്പെടുത്തൽ നടത്തുവാനോ പാടില്ല. ഇതിനെതിരെ പ്രവർത്തിക്കുന്ന പക്ഷം തന്മൂലമുണ്ടാകുന്ന എല്ലാ ഭവിഷ്യത്തുകൾക്കും സംഘം റിക്കാർഡുകളുടെ കസ്റ്റോഡിയനായ സ്ഥാപനത്തിന്റെ മുഖ്യ നിർവഹണ ഉദ്യോഗസ്ഥനും ഭരണ സമിതിയും ഉത്തരവാദികളാകുന്നതാണ്.

5. സഹകരണ സ്ഥാപനങ്ങൾ നിയമാനുസൃതം സഹകരണ വകുപ്പിൽ സമർപ്പിക്കേണ്ട അപേക്ഷകൾ, ഫയൽ ചെയ്യേണ്ട റിട്ടേണുകൾ, സ്റ്റേറ്റ്മെന്റുകൾ എന്നിവ സംഘം ജീവനക്കാർ തന്നെ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. ഇതിനായി പുറമേയുള്ള ഏജൻസികളെ ചുമതലപ്പെടുത്താവുന്നതല്ല. സംഘം അയയ്ക്കേണ്ടതായ നോട്ടീസുകളും മറ്റും പുറമേയുള്ള ഏജൻസികൾ മുഖാന്തിരം നൽകാൻ പാടില്ല.
6. സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ജോലി വിഭജനം ഭരണസമിതി നിർബന്ധമായും നടപ്പിലാക്കേണ്ടതാണ്.

മേൽ നിർദേശങ്ങൾ എല്ലാ സഹകരണ സ്ഥാപനങ്ങളും കർശനമായി പാലിക്കേണ്ടതും ആയത് ഈ വകുപ്പിലെ ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതുമാണ്.

ഒപ്പ്

സഹകരണസംഘം രജിസ്ട്രാർ (ഇൻ-ചാർജ്)

1. എല്ലാ സഹകരണ സംഘങ്ങൾക്കും

(ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർ മുഖേന)

2. ജോയിന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്)മാർക്ക്.
3. ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിറ്റർ, ജില്ലാ സഹകരണ ബാങ്കുകൾ.
4. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്)മാർക്കും.
5. രജിസ്ട്രാറുടെ മേശപ്പുറത്ത്.
6. ഈ ആഫിസിലെ എല്ലാ ആഫീസർമാർക്കും, സെക്ഷനുകൾക്കും.
7. എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ

പകർപ്പ് സ്റ്റോക്ക് ഫയൽ

സ്പെയർ

ആജ്ഞാനുസരണം.

ഒപ്പ്

സഹകരണസംഘം രജിസ്ട്രാർക്കുവേണ്ടി.

നമ്പർ:സി.പി.(1) 36685/06

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,

തിരുവനന്തപുരം, 2.9.2006.